

വിശകലനം/
ഫഹ്മീ ഹുവൈദി

# തെഹ്റാൻ ദൗത്യം

**ഖത്തറിൽ** നടന്ന സുന്നീ-ശീഈ സംവാദത്തിൽ കാര്യങ്ങൾ തുറന്നു പറഞ്ഞശേഷം അതിന്റെ സ്വാഭാവിക തുടർച്ചയായിരുന്നു ഇരു വിഭാഗങ്ങളും പരസ്പര ധാരണയിലും അനുരഞ്ജനത്തിലും എത്തിച്ചേരുക എന്നത്. ദോഹാ ചർച്ചയുടെ പൂർത്തീകരണത്തിന് തെഹ്റാനിലെ ഉത്തരവാദപ്പെട്ടവരുമായി കൂടിക്കാഴ്ച നടത്താൻ ഞങ്ങളെ നിയോഗിച്ച പശ്ചാത്തലമതാണ്.

എന്തുകൊണ്ട് തെഹ്റാൻ? 1979-ലെ ഇസ്‌ലാമിക വിപ്ലവം മുതൽ ശീഈസത്തിന്റെ ഔദ്യോഗിക വിലാസമാകാനാണ് ഇറാൻ ശ്രമിച്ചിട്ടുള്ളത്. ഇസ്‌ലാം ഔദ്യോഗിക മതമാണെന്നും ജഅ്ഫരീ ഇസ്നാ അശ്‌രീ രാഷ്ട്രത്തിന്റെ മദ്ഹബ് ആണെന്നും ഇറാന്റെ ഭരണഘടനയിൽ രേഖപ്പെടുത്തുകയുണ്ടായി. അതോടെ ഭരണഘടനയിൽ ഒരു നിർണിത മദ്ഹബ് രേഖപ്പെടുത്തിയ മുസ്‌ലിം ലോകത്തെ ഏക രാജ്യമായി ഇറാൻ. പക്ഷേ, ഇക്കാരണത്താൽ മറ്റു രാജ്യങ്ങളിലെ ശീഈകൾ രണ്ടാം കിടക്കാരാകുന്നില്ല. അവരുടെ മദ്ഹബീപരമായ ഖിബ്‌ല ഇറാഖിലെ നജഫിലുള്ള ഇമാം അലിയുടെ അന്ത്യവിശ്രമസ്ഥാനമാണെന്നോർക്കുക. ശീഈ മദ്ഹബിന്റെ ആധികാരിക പണ്ഡിതന്മാരിലൊരാളായ സയ്യിദ് അലി സീസ്താനിയും നജഫിലാണ്.

അമേരിക്കക്കു ശേഷം, നയതന്ത്രപരമായും മദ്ഹബുപരമായുമുള്ള കാരണങ്ങളാൽ ഇറാഖിൽ ഏറ്റവും കൂടുതൽ സ്വാധീനമുള്ളത് ഇറാന്നാണ്. ഇറാഖുമായി ഇറാൻ 1350 കിലോമീറ്റർ അതിർത്തി പങ്കിടുന്നുണ്ട്. ഇറാഖിലെ ശീഈ ഗ്രൂപ്പുകളുമായി ഇറാൻ ഉറച്ച ബന്ധം നിലനിർത്തിപ്പോരുന്നുമുണ്ട്. ഇറാഖിൽ സർക്കാറും ഭരണഘടനയും രൂപവത്കരിക്കുന്നതിൽ ആ സ്വാധീനം ഉപയോഗപ്പെടുത്തുകയുമുണ്ടായി.

തെഹ്റാനിലേക്കു തിരിയാൻ മറ്റൊരു കാരണം കൂടിയുണ്ട്: വിഭാഗീയത ആളിക്കത്തിക്കുന്നതിൽ പരോക്ഷമായ ഒരു ലക്ഷ്യം കൂടിയുണ്ടെന്ന് വലിയൊരു വിഭാഗം നിരീക്ഷകർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇറാന്റെ ആണവ പരിപാടി നിർത്തിവെപ്പിക്കാനും ഫലസ്ത്വീൻ ചെറുത്തുനിൽപിനും മേഖലയിലെ ഇതര ചെറുത്തുനിൽപുശക്തികൾക്കും ഇറാൻ നൽകുന്ന പിന്തുണ പരിമിതപ്പെടുത്താനും ഉദ്ദേശിച്ച് ഇസ്രയേലിന്റെ പ്രേരണയോടെ അമേരിക്ക ഇറാനെതിരെ സൈനികാക്രമണത്തിന് ഒരുങ്ങുകയാണ്. അതിനാൽ അറബ്, മുസ്‌ലിം ലോകത്തെ ഇറാനെതിരെ തിരിച്ചുവിടുകയും ഇറാനെ ഒറ്റപ്പെടുത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. അതിനനുകൂല സാഹചര്യമൊരുക്കാനാണ് സുന്നീ-ശീഈ വിഭാഗീയത ഇളക്കിവിടുന്നത്.

ഈ പശ്ചാത്തലത്തിലുള്ള ഇറാൻ പര്യടനം തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ തികച്ചും സ്വാഭാവികമാണ്. അതിൽ അസാധാരണമായി യാതൊന്നുമില്ല. പക്ഷേ, ഈ സന്ദർശനത്തിൽ എനിക്ക് അനുഭവപ്പെട്ട അപരിചിതത്വവും അസാധാരണത്വവും ഞാൻ മറച്ചുവെക്കുന്നില്ല. പത്രപ്രവർത്തനത്തിന്റെ ഭാഗമായും നീണ്ടകാലം മറഞ്ഞുകിടന്ന ഇസ്‌ലാമിക പതാക വാനിലുയർത്തിയ ആവേശകരമായ ആ അനുഭവത്തെക്കുറിച്ച് അടുത്തറിയാൻ ശ്രമിക്കുന്ന മുസ്‌ലിം ഗവേഷകൻ എന്ന നിലയിലും ഇറാൻ സന്ദർശനം ഞാൻ ഒരു ശീലമാക്കിയിരുന്നു. പക്ഷേ, ഇത്തവണ ശീഈ സമൂഹത്തിന്റെ വാതിലിൽ മുട്ടുന്ന ഒരു സുന്നി എന്ന നിലയിലാണ് ഞാൻ അവിടെ പോയത്. രാഷ്ട്രീയ, സാമൂഹിക മാറ്റങ്ങളിൽ ചിന്താനിമഗ്നനായാണ് കഴിഞ്ഞ കാൽനൂറ്റാണ്ടു കാലം ഞാൻ ഇറാന്റെ തലസ്ഥാനം സന്ദർശിച്ചിരുന്നത്. ഇത്തവണയാകട്ടെ വെറും വിഭാഗീയതയുടെ പേരിൽ ആശങ്കാകുലനായി കൊണ്ടു മാത്രവും. ഇസ്‌ലാമികസമൂഹത്തിന്റെ ഭാഗമെന്ന നിലയിലും അറബ്‌ലോകത്തിന് ഒരു നയതന്ത്ര അവലംബവും ഉൾക്കാഴ്ചയും എന്ന നിലയിലുമായിരുന്നു മുമ്പ് ഞാൻ ഇറാനുമായി ഇടപെട്ടിരുന്നതെങ്കിൽ അറബ്-മുസ്‌ലിം ലോകത്തിന്റെ സ്വാസ്ഥ്യം തകർത്ത ഒരു പ്രശ്നത്തിന്റെ ഭാഗമെന്ന നിലയിലാണ് ഇത്തവണ എനിക്ക് ഇറാനുമായി ഇടപെടേണ്ടിവന്നത്.

ഈ പര്യടനത്തിന്റെ പശ്ചാത്തലം പറയാം. സുന്നീ-ശീഈ വിഭാഗീയത മൂലം രാഷ്ട്രീയരംഗത്തെ മുൻഗണനാ ക്രമത്തിൽ ഗുരുതരമായ തെറ്റുകൾ സംഭവിക്കുകയുണ്ടായി. ശത്രുവിനെയും മിത്രത്തെയും വേർതിരിച്ചറിയാൻ സാധിക്കാത്ത സാഹചര്യം. സഹോദര, സുഹൃദ് രാജ്യത്തേക്കാൾ ചിലർ അധിനിവേശരാജ്യത്തിന് മുൻഗണന നൽകുന്നേടത്തോളം കാര്യങ്ങളെത്തി. വിഭാഗീയതയുടെ വിഷബോംബാണ് ഇറാഖിൽ പൊട്ടിയത്. അറബ്-മുസ്‌ലിം ലോകത്തുടനീളം അതിന്റെ വിഷധൂളി പരന്നു. ചരിത്രത്തിൽ ഒളിഞ്ഞുകിടന്നിരുന്ന വെറുപ്പും വിദ്വേഷവും പുനരുജ്ജീവിപ്പിക്കാൻ ശ്രമമുണ്ടായി. തർക്കവും വിഭാഗീയതയും വ്യാപിപ്പിക്കുന്നതിൽ തൽപരരായ വിഭാഗങ്ങൾ കൂടുതൽ സജീവമായി. താമസിയാതെ വിവേകവും സമചിത്തതയുമുള്ള ചിലർ ഈ തീയണക്കാൻ ആവത് ശ്രമിച്ച് രംഗത്തുവന്നു. ഖത്തറിൽ നടന്ന മദ്ഹബ് സംവാദസമ്മേളനം അതിന്റെ ഭാഗമായിരുന്നു. ഒ.ഐ.സിയുടെ ആഭിമുഖ്യത്തിൽ രൂപം കൊണ്ട മക്കാ പ്രമാണവും അപ്രകാരംതന്നെ. ഈ ദിശയിലുണ്ടായ മൂന്നാമത്തെ നീക്കമായിരുന്നു അന്താരാഷ്ട്ര മുസ്‌ലിം പണ്ഡിത സമിതിയുടേത്. പ്രശ്നത്തിൽ തെഹ്റാനുള്ള കടമയെക്കുറിച്ച് ഉത്തരവാദപ്പെട്ടവരുമായി ചർച്ചചെയ്യാൻ രണ്ടംഗ പ്രതിനിധിസംഘത്തെ തെഹ്റാനിലേക്ക് അയക്കുകയാണ് പണ്ഡിതസമിതി ചെയ്തത്. പണ്ഡിതസമിതിയുടെ ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് സലീം അൽഅവ്വായായിരുന്നു പ്രതിനിധി സംഘത്തിലൊരാൾ. സെക്രട്ടേറിയറ്റ് അംഗം എന്ന നിലയിൽ രണ്ടാമനാകാനുള്ള അവസരം എനിക്കും കിട്ടി.

സംഭവങ്ങളെക്കുറിച്ച് താഴെ പറയുന്ന വിശകലനവുമായാണ് ഞങ്ങൾ തെഹ്റാനിലേക്ക് തിരിച്ചത്:

പ്രശ്നത്തിന്റെ മർമം രാഷ്ട്രീയമാണ്. വിവിധ ലക്ഷ്യങ്ങളുള്ള രാഷ്ട്രീയ പോരാട്ടത്തിൽ വിജയിക്കാനാണ് വിഭാഗീയത ഉപയോഗപ്പെടുത്തുന്നത്. അധിനിവേശത്തിൽനിന്ന് ശ്രദ്ധ തെറ്റിക്കലും സുന്നികളെ ശീഈകൾക്കും ഇറാനുമെതിരെ ഇളക്കിവിടലും ലക്ഷ്യമാണ്. അതുവഴി ഇറാനെ എളുപ്പം ആക്രമിക്കാൻ കഴിയും. അങ്ങനെ മേഖലയിലെ ശാക്തികമേധാവിത്വം ഇസ്രയേലിനാകും. സ്വന്തം പദ്ധതികൾ നടപ്പിലാക്കാനും ചെറുത്തുനിൽപുശക്തികളെ തകർക്കാനും ഇസ്രയേലിന് പി

ന്നെ വല്ലാതെ ബുദ്ധിമുട്ടേണ്ടിവരില്ല.

ഇറാഖിലുണ്ടായ സംഭവങ്ങൾ ഇത്തരം പദ്ധതികൾക്ക് സഹായകമായി. സുന്നികളിലെയും ശീഈകളിലെയും തീവ്രവാദികൾ വിഭാഗീയ പ്രവർത്തനത്തിൽ മുഴുകിയെങ്കിലും ശീഈകൾക്കായിരുന്നു മുൻകൈ. കാരണം ഭരണകൂടത്തിൽ അവർക്ക് സുപ്രധാന സ്ഥാനമുണ്ട്. സൈന്യത്തിലും സുരക്ഷാ വിഭാഗത്തിലും പോലീസിലും വ്യക്തമായ സ്വാധീനവുമുണ്ട്. ഭരണകൂടത്തിലെ ചില ഘടകങ്ങളുടെ പിന്തുണയുള്ള ശീഈ സായുധ സംഘങ്ങൾ ബസ്വറയിൽനിന്നും ബഗ്ദാദിൽനിന്നും സുന്നികളായ ചെറുതല്ലാത്തൊരു വിഭാഗത്തെ കുടിയൊഴിപ്പിക്കുകയുണ്ടായി. സുന്നീ പ്രമുഖരെ അവർ വകവരുത്താനും തുടങ്ങി.

അറബ്-മുസ്‌ലിം ലോകത്ത് ഇതിന് നിഷേധാത്മക ഫലങ്ങളുണ്ടായി. ശീഈകൾക്കെതിരെ മാത്രമല്ല ഇറാനെതിരെയും സുന്നികളുടെ രോഷമുയർന്നു. ശീഈ സായുധ സംഘങ്ങളെ നിയന്ത്രിക്കാൻ ഇറാൻ കാര്യമായി ശ്രമിക്കുമെന്ന് മിക്കവരും പ്രതീക്ഷിച്ചു. ഈ സായുധ സംഘങ്ങളുടെ നേതാക്കൾക്കെങ്കിലും തെഹ്റാനുമായി അടുത്ത ബന്ധമുണ്ടെന്ന് എല്ലാവർക്കും അറിയാം. ഇത് വിഭാഗീയ സംഘർഷം കൂടുതൽ അറബ്-മുസ്‌ലിം രാജ്യങ്ങളിലേക്ക് വ്യാപിപ്പിച്ചു.

ഇറാനിൽ ഇപ്പോൾ യാഥാസ്ഥിതിക ധാരക്കാണ് മേൽക്കൈ. ജുഡീഷ്യറിയിലും എക്സിക്യൂട്ടീവിലുമുള്ള യാഥാസ്ഥിതിക മേധാവിത്വം ഭരണകൂടത്തിന്റെ നിലപാടുകളിൽ മാറ്റം വരുത്തിയിരിക്കുന്നു. രാഷ്ട്രീയത്തേക്കാൾ ശീഈ ആശയത്തിനാണ് മുൻഗണന ലഭിക്കുന്നത്. ഈ നിലപാടാണ് അമേരിക്കൻ അധിനിവേശത്തിനു ശേഷം ഇറാഖിലെ ശീഈകൾക്ക് കരുത്ത് പകരുന്നത്. ക്രൈസ്തവ അർമീനിയ ശീഈ ഭൂരിപക്ഷമുള്ള അസർബീജാനുമായി പോരാട്ടത്തിൽ ഏർപ്പെട്ട കാലത്ത് തെഹ്റാൻ രാഷ്ട്രീയത്തിനാണ് പ്രാധാന്യം നൽകിയത്. എന്നാൽ അമേരിക്ക ഇറാഖിൽ അധിനിവേശം നടത്തിയപ്പോൾ ഇതിനു നേർവിപരീതമായ നിലപാടാണ് സ്വീകരിച്ചത്.

ഇതോടൊപ്പം ചരിത്രത്തിലെ പഴയ നീരസവും വിദ്വേഷവും പുനരുജ്ജീവിപ്പിക്കുകയും പ്രവാചകാനുയായികളെ നിന്ദിക്കുകയും ചെയ്യുന്ന ചില ശീഈ ഗ്രന്ഥങ്ങളും പ്രചരിപ്പിക്കപ്പെട്ടു. ഇതും സുന്നികളുടെ രോഷം ഇളക്കിവിട്ടു.

ഞങ്ങൾ തെഹ്റാനിലെത്തിയപ്പോൾ മറ്റേതോ ഒരു ഗ്രഹത്തിൽ എത്തിപ്പെട്ടതുപോലെ. താപനില പൂജ്യത്തിനു താഴെ. നഗരം തൂമഞ്ഞിന്റെ വലിയൊരു കരിമ്പടം പുതച്ചുകിടക്കുന്നതുപോലെയുണ്ട്. ചുമരുകളിലും മതിലുകളിലും നിറയെ ഇമാം ഹുസൈന്റെ വചനങ്ങൾ. ജനങ്ങൾ ആശൂറാഇന്റെയും കർബലാ ദുരന്തത്തിന്റെയും സ്മരണയോടനുബന്ധിച്ച ചടങ്ങുകളിൽ മുഴുകിയിരിക്കുകയാണ്. പതിമൂന്ന് നൂറ്റാണ്ട് മുമ്പ് നടന്ന ആ ദുരന്തത്തെക്കുറിച്ച് ഗായകർ ലൗഡ് സ്പീക്കറിലൂടെ ശോക ഗാനങ്ങൾ ആലപിക്കുമ്പോൾ 'ഹുസൈനിയാത്തു'കളിൽ തടിച്ചുകൂടി സ്വയം പീഡിപ്പിച്ചുകൊണ്ടിരിക്കുന്നവരുടെ കണ്ണുകളിൽനിന്ന് കണ്ണീർ കുത്തിയൊലിച്ചുകൊണ്ടിരിക്കുന്നു. ഔദ്യോഗിക സ്ഥാപനങ്ങൾക്കെല്ലാം മൂന്നു ദിവസത്തേക്ക് അവധിയാണ്. വലിയ പ്രയാസത്തോടെയാണെങ്കിലും ഉത്തരവാദപ്പെട്ട ഏഴു പ്രമുഖരുമായി കൂടിക്കാഴ്ച നടത്തി ചർച്ച നടത്താൻ ഞങ്ങൾക്ക് അവസരം ലഭിച്ചു. വിദേശകാര്യമന്ത്രി മനൂശഹ്ർ മുത്തഖി, ദേശീയ സുരക്ഷാ സമിതി ജനറൽ സെക്രട്ടറി അലി ലാറിജാനി, മുൻ വിദേശകാര്യമന്ത്രി ഡോ. അലി അക്ബർ വിലായത്തി, പരമോന്നത കാര്യദർശി സയ്യിദ് അലി ഖാംനഈ, അന്താരാഷ്ട്ര മദ്ഹബ് ഐക്യവേദി സെക്രട്ടറി ആയത്തുല്ലാ മുഹമ്മദ് അലി തിസ്ഖീരി എന്നിവർ അവരിൽ പെടുന്നു. ഭരണകൂടത്തിന്റെ ഉന്നതസ്ഥാനത്തേക്ക് വരുമെന്ന് ഈയിടെയായി പ്രചാരണം നടന്നുകൊണ്ടിരിക്കുന്ന ഹാശിമി റഫ്സഞ്ചാനിയെയാണ് അവസാനം കണ്ട് സംസാരിച്ചത്. സുദീർഘമായ കൂടിക്കാഴ്ചയായിരുന്നു അത്.

ഞങ്ങൾ പറഞ്ഞത് മുഴുവൻ കേട്ട ശേഷം അവരുടെ പ്രതികരണം ഇപ്രകാരമായിരുന്നു:

ഇസ്‌ലാമിക സമൂഹത്തിന്റെ ഐക്യം ഇറാനെ സംബന്ധിച്ചേടത്തോളം വളരെ തന്ത്രപ്രാധാന്യമേറിയ സംഗതിയാണ്. '79-ൽ ഇമാം ഖുമൈനി അതിനായി ആഹ്വാനം ചെയ്ത ശേഷം ഇന്നുവരെയും അതിൽ യാതൊരു മാറ്റവും വന്നിട്ടില്ല. ബോസ്നിയയിലെയും ഫലസ്ത്വീനിലെയും അഫ്ഗാനിസ്താനിലെയും മുസ്‌ലിംകൾ മുഴുവൻ സുന്നികളാണെങ്കിലും അവരുടെ ചെറുത്തുനിൽപുകളെ ഇറാൻ കഴിവിന്റെ പരമാവധി പിന്തുണക്കുകയുണ്ടായി.

'ശീഈ ചന്ദ്രക്കല' ഇസ്‌ലാമിക ഐക്യത്തെ തകർക്കാൻ ലക്ഷ്യമിട്ട് പടിഞ്ഞാറ് ആവർത്തിക്കുന്ന വൃത്തികെട്ട ആരോപണമാണ്. ആണവപദ്ധതിയിലടക്കം അവരുടെ തിട്ടൂരങ്ങൾക്ക് വഴങ്ങാത്തതാണ് ഇറാനെ വേട്ടയാടാൻ കാരണം. ഇസ്രയേലിനെ അംഗീകരിക്കാനും ഫലസ്ത്വീൻ ചെറുത്തുനിൽപിന് നൽകുന്ന പിന്തുണ നിർത്തിവെക്കാനും ഇറാൻ തയാറാകാത്തതും കാരണമാണ്.

സുന്നികളിലെന്ന പോലെ ശീഈകൾക്കിടയിലും മിതവാദികളും തീവ്രവാദികളും വിവേകികളും വിഡ്ഢികളുമുണ്ട്. എന്നാൽ ചില സുന്നീ തീവ്രവാദികൾ ചെയ്തപോലെ സുന്നികളെ കാഫിറാക്കുന്നേടത്തോളം ശീഈ തീവ്രവാദികൾ പോയിട്ടില്ല. ബന്ധം എപ്പോഴും മിതവാദികളുടെ നിലപാടുകളുടെ അടിസ്ഥാനത്തിലായിരിക്കുന്നതാണ് നല്ലത്.

ഇറാഖിൽ സുന്നികളുടെയും ശീഈകളുടെയും ഭാഗത്തുനിന്നുണ്ടായ പരസ്പര കുരുതിയെയും കുടിയിറക്കലിനെയും പരമോന്നത നേതാവ് അലി ഖാംനഈയുടെ ഭാഷയിലൂടെ ഇറാൻ അപലപിച്ചിട്ടുണ്ട്. പക്ഷേ, ഇത് പുറത്തേക്കെത്തിക്കുന്നതിൽ ഇറാനിയൻ വാർത്താമാധ്യമങ്ങൾ പരാജയപ്പെട്ടു.

ഇറാന്ന് സ്വാധീനമുണ്ടെന്നത് ശരിതന്നെ. പക്ഷേ, ഇറാഖിൽ നടക്കുന്നതെല്ലാം ഇറാന്റെ നിയന്ത്രണമനുസരിച്ചാണെന്നും ശീഈകൾ മുഴുവൻ ഇറാന്റെ ചൊൽപടിക്കനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നും പറയുന്നത് ശരിയല്ല. ശീഈ വിഭാഗങ്ങൾ സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. അവരുടെ ചെയ്തികൾക്ക് ഇറാനല്ല; അവർ തന്നെയാണ് ഉത്തരവാദികൾ. ചില രാജ്യങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന ശീഈ പ്രചാരണ പ്രവർത്തനങ്ങളിലോ സ്വഹാബിമാരെ നിന്ദിക്കുന്ന പുസ്തകങ്ങൾ പ്രചരിപ്പിക്കുന്നതിലോ ഇറാന് പങ്കില്ല.

വിഭാഗീയ സംഘർഷം തങ്ങൾക്കെതിരായ പാശ്ചാത്യ ഗൂഢാലോചനയുടെ ഭാഗമായാണ് ഇറാൻ കാണുന്നത്. ഇത് അവസാനിപ്പിക്കാൻ സുന്നികളിലെ ഏതു വിഭാഗവുമായും സഹകരിച്ച് എന്ത് നടപടി സ്വീകരിക്കാനും ഇറാൻ സന്നദ്ധമാണ്.

തുടർ നടപടികൾക്കായി അന്താരാഷ്ട്ര പണ്ഡിത സമിതി സെക്രട്ടേറിയറ്റിനു ഞങ്ങൾ കൈമാറിയ സന്ദേശത്തിന്റെ ചുരുക്കമിതാണ്. ■